**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3471** **02-03-2023 - ൽ മറുപടിയ്ക്ക്**

**റബറിന്റെ താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | റബറിന്റെ താങ്ങുവില നിലവിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) | റബറിന്റെ താങ്ങുവില നിലവിൽ കിലോയ്ക്ക് 170/- രൂപയാണ് |
| (ബി) | 2022-23 സാമ്പത്തിക വർഷം റബർ വില സ്ഥിരതാ ഫണ്ടിലേക്ക് വകയിരുത്തിയിരുന്ന തുക എത്രയാണെന്നും പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റബ്ബർ വില സ്ഥിരതാഫണ്ട് നൽകുന്നതിനായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കമ്പോള വില കൂടി നിന്നതിനാൽ 2021-22 സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ കർഷകർക്ക് അനുവദിച്ച തുക കുറയുവാൻ ഇടയായിട്ടുണ്ട്. നിലവിൽ കമ്പോള വില കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സബ്സിഡി ഇനത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതായി വരും. 2022-23 സാമ്പത്തിക വർഷം 16/02/2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | റബറിന്റെ താങ്ങുവില ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/-രൂപയിൽ നിന്നും 250/- രൂപയായി ഉയർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 24/12/2022-ലെ DO.No.AGRI-893/Min/2022-AGRI നം. കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ